ന്യൂനപക്ഷം നീതിനിഷേധം പ്രതിരോധം – ഒരു യുഗപ്പകർച്ച. . . !

(കുറിപ്പ്: **xxx** എന്ന് കാണുന്നേടത്ത് ഐ. എസ്. എസ് / എൻ. ഡി. എഫ് എന്ന് തരം പോലെ വായിക്കാവുന്നതാണ്)

- പ്രതിരോധിക്കാനുള്ള മർദ്ദിതരുടെ അവകാശം ലോകം അംഗീകരിച്ചുകൊടുത്തിട്ടുള്ളതാണ്. വ്യവസ്ഥാപിതമായ ഒരു ഭരണകൂടമുള്ളിടത്തും ഇത് അനുവദനീയമാണ്. മർദ്ദനഭരണകൂടം നിസ്സഹായമായി നോക്കി നിൽക്കുമ്പോൾ വിശേഷിച്ചും. പൗരന്മാരുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കേണ്ടതു ഭരണകൂടത്തിന്റെ ബാധ്യതയാണ്. xxx ആരോപിക്കുന്നതുപോലെ, ഈ ബാധ്യത നിറവേറ്റുന്നതിൽ മുസ്ലിംകളുടെ കാര്യത്തിലെങ്കിലും ഇന്ത്യാ ഗവ: പരാജയപ്പെട്ടിട്ടുണ്ട്. അതിനാൽ പ്രതിരോധ സംവിധാനങ്ങളെക്കുറിച്ച് ചിന്തിക്കാൻ മുസ്ലിങ്ങൾക്ക് സമയമായിട്ടുണ്ട്. xxxനു മാത്രമല്ല, മറ്റു സംഘടനകൾക്കും ഈ ദൗത്യം ഏറ്റെടുക്കാം. . . . . നു മാത്രമല്ല, ശിഹാബ് തങ്ങൾക്കും ഇതിനു നേതൃത്വം നൽകാം.

- . . . ഇതു മൂലം നാട്ടിൽ കുഴപ്പങ്ങളുണ്ടാവില്ലേ? കുറച്ചൊക്കെ ഉണ്ടാവും. പ്രതിരോധ സംഭവങ്ങൾ ആരംഭിക്കുന്നതിനു മുൻപും കുഴപ്പമുണ്ടായിരുന്നു. അതുപക്ഷേ, ഏകപക്ഷീയമായിരുന്നു എന്നു മാത്രം. ഒരാളുടെ വെട്ടിന് മറ്റൊരാൾ അനുസരണയുള്ള ആട്ടിൻ കുട്ടിയെപ്പോലെ തലനീട്ടിക്കൊടുക്കുമ്പോൾ നമുക്കു സമാധാനം! അയാൾ തിരിച്ചടിച്ചാലോ, കുഴപ്പവും! ഇതാണ് കുറേക്കാലമായി നമ്മുടെ ജഡ്ജ്മെന്റ്. അക്രമിയെ പിടിച്ചുമാറ്റാൻ ശ്രമിക്കാതെ ആക്രമിക്കപ്പെടുന്നവനോട് ''മിണ്ടരുത്, സമാധാനം തകരു'' മെന്ന് പറയുന്ന നമ്മൾ അക്രമിയേക്കാൾ വലിയ അനീതിയാണു ചെയ്യുന്നത്. നമ്മുടെ സമാധാനത്തിനുവേണ്ടി മർദ്ദിതൻ എല്ലാം സഹിച്ച് അന്ത്യശ്വാസം വലിക്കണമെന്നല്ലേ ഇതിനർത്ഥം മർദ്ദിതനെ ഭരണകൂടം രക്ഷിക്കണം. ഇല്ലെങ്കിൽ സമൂഹം അവനെ സഹായിക്കാനെത്തണം. ഇതു രണ്ടും സംഭവിക്കുന്നില്ലെങ്കിൽ സ്വയം പ്രതിരോധിക്കാനുള്ള തന്റെ അവകാശം മർദ്ദിതൻ ഉപയോഗിക്കും ഉപയോഗിക്കണം. അങ്ങിനെ അവൻ ചെയ്യുന്നില്ലെങ്കിൽ അവന്റെ അന്ത്യം ആത്മഹത്യക്കു തുല്യമാണ്.

- . . . തീവ്രവാദം കൊണ്ട് ഇവർ എന്താണുദ്ദേശിക്കുന്നതെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല. മുസ്ലിങ്ങളെ ദ്രോഹിക്കുന്നത് നിർത്തണം, ഇല്ലെങ്കിൽ തിരിച്ചടിക്കുന്നതിനെക്കുറിച്ച് തങ്ങൾക്ക് ആലോചിക്കേണ്ടിവരും എന്ന് xxx കാർ പറഞ്ഞാൽ അതെങ്ങനെ തീവ്രവാദമാവും മുസ്ലിങ്ങൾക്ക് സം രക്ഷണം നൽകുക, വർഗീയക്കോമരങ്ങളെ പിടിച്ചുകെട്ടുക തുടങ്ങിയ xxxന്റെ ആവശ്യങ്ങൾ വർത്തമാനകാല ഇന്ത്യയിൽ ഒരു മിതവാദമേ ആകുന്നുള്ളു. കൃത്രിമമായ ബാലൻസ് കീപിങ്ങിനു വേണ്ടി നാം xxxനുമേൽ തീവ്രവാദം കെട്ടിവെയ്ക്കുകയാണ് ചെയ്യുന്നത്. വ്യാജമായ ഇത്തരം ആരോപണങ്ങളുടെ മറപിടിച്ച് ആർ. എസ്. എസ് പ്രഭൃതികൾ കൂടുതൽ ശക്തിപ്പെടുകയാണെന്ന സത്യം നാം കാണാതെ പോവുകയും ചെയ്യുന്നു.

നല്ല പശുമാർക്ക് എൻ. ഡി. എഫുകാരനെഴുതിയ അതിതീവ്രവാദ ലേഖനം. . . . . അല്ലേ ?

ബഹുസ്വരതയുടെ ലോകത്ത് സർഗ്ഗാത്മക പ്രതിരോധത്തിന്റെ (ബഹു: പണ്ഡിതൻ ഖാലിദ് മൂസ നദ്വിയോട് കടപ്പാട്) വഴിയിലൂടെ സഞ്ചരിച്ച്, സഹോദര സമുദായങ്ങളുടെ (പ്രത്യേകിച്ച് ആർ. എസ്. എസ്. 'സഹോദരന്മാരുടെ') തെറ്റിദ്ധാരണകൾ തീർക്കേണ്ടതിനു പകരം മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിൽ സാമുദായിക സ്പർദ്ധയുണ്ടാക്കുന്ന ഇത്തരം ലേഖനങ്ങൾ എഴുതുന്ന എൻ.ഡി.എഫുകാരെക്കുറിച്ചെന്തു പറയാൻ ! - ഇതിലപ്പുറം മേൽ വചനങ്ങളെക്കുറിച്ചെന്തു വിചാരിക്കാൻ...!

എന്നാൽ കേട്ടോളൂ. . . . !

കേരളീയ സമൂഹത്തിൽ വിപ്ലവത്തിന്റെ സമരസാക്ഷ്യവുമായി അവതരിച്ച സോളിഡാരിറ്റിയുടെ പ്രഥമ സാരഥി ശ്രീ. കൂട്ടിൽ മുഹമ്മദലി ഒന്നര പതിറ്റാണ്ടുകൾക്കു മുൻപ്, ഇന്ത്യയിലെ ഏക ഇസ്ലാമിക പ്രസ്ഥാനമായ ജമാഅത്തെ ഇസ്ലാമിക്ക്, ഇപ്പോഴുള്ളത്ര സ്ഥാവര ജംഗമ സ്വത്തുക്കൾ ഇല്ലാതിരുന്ന കാലത്ത് മനസ്സാക്ഷിയെ വഞ്ചിക്കാതെ എഴുതിയ ഉശിരൻ ലേഖനത്തിൽനിന്നാണ് മേൽ ഉദ്ധരണികൾ. ലേഖനം അന്യത്ര ചേർത്തിരിക്കുന്നു. . . !

സഹൃദയരായ എല്ലാ ജമാഅത്തു സുഹൃത്തുക്കൾക്കും 'മൗദൂദി പുസ്തകം ദിനേനയെന്നോണം പ്രാതലിനൊപ്പം' (പ്രതിവാരം ശ്രീ. സീതിയോട് കടപ്പാട്) കഴിക്കുന്ന കൂട്ടത്തിൽ മേമ്പൊടിയായി ചേർക്കാവുന്നതാണ്.

ചിന്തിക്കുന്നവർക്ക് മാത്രമെ ദൃഷ്ടാന്തങ്ങൾ ഉപകാരപ്പെടുകയുള്ളൂ. . . കാലം സാക്ഷി!

പുനർവായന

ഐ.എസ്.എസിന്റെ മാർഗം: ശരിയും തെറ്റും

കൂട്ടിൽ മുഹമ്മദലി

ഐ.എസ്.എസിന്റെ ലക്ഷ്യത്തിൽ തെറ്റില്ല. പ്രതിരോധിക്കാനുള്ള മർദ്ദിതരുടെ അവകാശം ലോകം അംഗീകരിച്ചുകൊടുത്തിട്ടുള്ളതാണ്. വ്യവസ്ഥാപിതമായ ഒരു ഭരണകൂടമുള്ളിടത്തും ഇത് അനുവദനീയമാണ്; മർദ്ദനം ഭരണകൂടം നിസ്സഹായമായി നോക്കിനിൽക്കുമ്പോൾ വിശേഷിച്ചും. പൗരന്മാരുടെ ജീവനും സ്വത്തും അഭിമാനവും സംരക്ഷിക്കേണ്ടതു ഭരണകൂടത്തിന്റെ ബാധ്യതയാണ്. ഐ.എസ്.എസ്. ആരോപിക്കുന്നതുപോലെ, ഈ ബാധ്യത നിറവേറ്റുന്നതിൽ മുസ്‌ലിംകളുടെ കാര്യത്തിലെങ്കിലും ഇന്ത്യാ ഗവൺമെന്റ് പരാജയപ്പെട്ടിട്ടുണ്ട്. അതിനാൽ പ്രതിരോധ സംവിധാനങ്ങളെക്കുറിച്ച് ചിന്തിക്കാൻ മുസ്‌ലിംകൾക്കു സമയമായിട്ടുണ്ട്. ഐ.എസ്.എസിനു മാത്രമല്ല, മറ്റു സംഘടനകൾക്കും ഈ ദൗത്യം ഏറ്റെടുക്കാം. മഅ്ദനിക്കു മാത്രമല്ല, ശിഹാബ് തങ്ങൾക്കും ഇതിനു നേതൃത്വം നൽകാം.

ഈ പ്രതിരോധസംരംഭം ഭരണകൂടത്തിനോ ഹിന്ദുസമുദായത്തിനോ എതിരേയുള്ളതല്ല; അക്രമികൾക്കെതിരേയുള്ളതാണ്. അവരെ നശിപ്പിക്കാനല്ല; അവരുടെ അക്രമം അവസാനിപ്പിക്കാൻ. ഇതുമൂലം നാട്ടിൽ കുഴപ്പമുണ്ടാവില്ലേ? കുറച്ചൊക്കെ ഉണ്ടാവും. പ്രതിരോധസംരംഭങ്ങൾ ആരംഭിക്കുന്നതിനു മുമ്പും കുഴപ്പമുണ്ടായിരുന്നു. അതുപക്ഷേ, ഏകപക്ഷീയമായിരുന്നു എന്നു മാത്രം. ഒരാളുടെ വെട്ടിന് മറ്റൊരാൾ അനുസരണയുള്ള ആട്ടിൻകുട്ടിയെപ്പോലെ തലനീട്ടിക്കൊടുക്കുമ്പോൾ നമുക്ക് സമാധാനം! അയാൾ തിരിച്ചടിച്ചാലോ, കുഴപ്പവും! ഇതാണ് കുറേക്കാലമായി നമ്മുടെ ജഡ്ജ്മെന്റ്. അക്രമിയെ പിടിച്ചുമാറ്റാൻ ശ്രമിക്കാതെ ആക്രമിപ്പെടുന്നവനോട് "മിണ്ടരുത്, സമാധാനം തകരു"മെന്ന് പറയുന്ന നമ്മൾ അക്രമിയേക്കാൾ വലിയ അനീതിയാണു ചെയ്യുന്നത്. നമ്മുടെ സമാധാനത്തിനുവേണ്ടി മർദ്ദിതൻ എല്ലാം സഹിച്ച് അന്ത്യശ്വാസം വലിക്കണമെന്നല്ലേ ഇതിനർഥം? മർദ്ദിതനെ ഭരണകൂടം രക്ഷിക്കണം. ഇല്ലെങ്കിൽ സമൂഹം അവനെ സഹായിക്കാനെത്തണം. ഇതു രണ്ടും സംഭവിക്കുന്നില്ലെങ്കിൽ സ്വയം പ്രതിരോധിക്കാനുള്ള തന്റെ അവകാശം മർദ്ദിതൻ ഉപയോഗിക്കും; ഉപയോഗിക്കണം. അങ്ങനെ അവൻ ചെയ്യുന്നില്ലെങ്കിൽ അവന്റെ അന്ത്യം ആത്മഹത്യക്കു തുല്യമാണ്.

ഹിന്ദുവർഗീയ സംഘടനകളുടെ സാന്നിധ്യം ഐ.എസ്.എസിന്റെ അസ്തിത്വത്തെ ന്യായീകരിക്കുന്നു. ആർ.എസ്.എസ്. വർജ്യമല്ലാത്തവർക്ക് ഐ.എസ്.എസ്. വർജ്യമാവാൻ പാടില്ല. ആർ.എസ്.എസിനെ നിരോധിക്കാത്തവർക്ക് ഐ.എസ്.എസിനെ നിരോധിക്കാൻ അവകാശമില്ല. ഹിന്ദുവർഗീയവാദികളെ പിടിച്ചുകെട്ടിയാൽ ഐ.എസ്.എസ്. സ്വയം പിരിഞ്ഞുപോയിക്കൊള്ളും. സമാധാനം വൺവേയല്ല. ഇതൊന്നും മനസ്സിലാക്കാതെ, ഒരു പ്രത്യേക വിഭാഗത്തിന്റെ സമാധിക്കു മുകളിൽ സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്ന നമ്മൾ ഗുരുതരമായ തെറ്റാണു ചെയ്യുന്നത്.

ഐ.എസ്.എസിനോടുള്ള ചിലരുടെ പ്രതികരണം ഫലത്തിൽ ആർ.എസ്.എസിനെ ന്യായീകരിക്കുന്നതിനു തുല്യമായി. അവരുടെ വിമർശനങ്ങൾ ഹിന്ദുവർഗീയതയെ വളർത്താനേ ഉപകരിക്കുന്നുള്ളൂ. ഈ വിമർശനങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് ആർ.എസ്.എസ്. നേതാക്കൾ തങ്ങളുടെ ഇമേജ് നന്നാക്കാൻ ശ്രമിച്ചു. ഐ.എസ്.എസിനെ ആർ.എസ്.എസിനോടു താരതമ്യപ്പെടുത്തുന്നതിൽ അവർക്ക് ആവലാതിയുണ്ട്! 'ആർ.എസ്.എസ്. സമാധാനപരമായി പ്രവർത്തിക്കുന്ന ഒരു ജനാധിപത്യ സംഘടനയാണ്. അതിനെ ഐ.എസ്.എസുമായി കൂട്ടിക്കെട്ടുന്നതിന്റെ അർഥം തനിക്കു മനസ്സിലാകുന്നില്ല' എന്നാണ് എ.ബി. വാജ്പേയി പറഞ്ഞത്. സമാധാനവുമായോ ജനാധിപത്യവുമായോ ആർ.എസ്.എസിനു പുലബന്ധം പോലുമില്ലെന്നത് ഒരു സർവാംഗീകൃതമായ സത്യമായിരുന്നിട്ടും വാജ്പേയി നിർലജ്ജം ഇങ്ങനെ പ്രസ്താവിച്ചത് ഐ.എസ്.എസിനെക്കുറിച്ച് നാം അതിരുകവിഞ്ഞു വിമർശിച്ചതു കൊണ്ടാണ്.

നമ്മുടെ വിമർശനങ്ങളുടെ മറപിടിച്ച് ഹിന്ദു തീവ്രവാദികൾ ഐ.എസ്.എസിനും മുസ്‌ലിംകൾക്കുമെതിരേ അർഥശൂന്യമായ ആരോപണങ്ങളുടെ കെട്ടഴിച്ചതും നാം കാണാതെപോയി. ഐ.എസ്.എസ്. ഒരു പാകിസ്താൻനിർമിത സംഘടനയാണ്, അവർക്കു വിദേശത്തുനിന്നു പണം കിട്ടുന്നു, മുസ്‌ലിം പള്ളികൾ ആയുധപ്പുരകളാണ്– അവരുടെ ആരോപണങ്ങൾ ഇങ്ങനെ നീണ്ടുപോകുന്നു. ഐ.എസ്.എസിനെ വെള്ളപൂശലാവുമോ എന്നു ഭയന്ന് നമ്മുടെ സമാധാനപ്രേമികൾ ഈ ആരോപണങ്ങളുടെ നേരെ മൗനം ദീക്ഷിച്ചു. വർഗീയവാദികൾ ഈ നുണകൾ അവരുടെ ദേശീയയോഗങ്ങളിൽ വരെ ചർച്ചചെയ്തുകൊണ്ടിരിക്കുന്നു. ഇതിന്റെ പ്രത്യാഘാതം നിസ്സാരമായിരിക്കുമോ?

ഐ.എസ്.എസ്. ഒരു തീവ്രവാദ സംഘടനയാണ്, ഫാഷിസവും തീവ്രവാദവും നാടിന്നാപത്താണ് എന്നതാണ് മുസ്‌ലിംലീഗുകാരിൽ ചിലരുടെ കണ്ടെത്തൽ. തീവ്രവാദം കൊണ്ട് ഇവർ എന്താണുദ്ദേശിക്കുന്നതെന്ന് എത്ര ചിന്തിച്ചിട്ടും മനസ്സിലാവുന്നില്ല. 'മുസ്‌ലിംകളെ ദ്രോഹിക്കുന്നത് നിർത്തണം, ഇല്ലെങ്കിൽ തിരിച്ചടിക്കുന്നതിനെക്കുറിച്ച് തങ്ങൾക്ക് ആലോചിക്കേണ്ടിവരും' എന്ന് ഐ.എസ്.എസുകാർ പറഞ്ഞാൽ അതെങ്ങനെ തീവ്രവാദമാവും? മുസ്‌ലിംകൾക്കു സംരക്ഷണം നൽകുക, വർഗീയക്കോമരങ്ങളെ പിടിച്ചുകെട്ടുക തുടങ്ങിയ ഐ.എസ്.എസിന്റെ ആവശ്യങ്ങൾ വർത്തമാനകാല ഇന്ത്യയിൽ ഒരു മിതവാദമേ ആകുന്നുള്ളൂ. കൃത്രിമമായ ബാലൻസ് കീപിങിനു വേണ്ടി നാം ഐ.എസ്.എസിനുമേൽ തീവ്രവാദം കെട്ടിവയ്ക്കുകയാണ് ചെയ്യുന്നത്. വ്യാജമായ ഇത്തരം ആരോപണങ്ങളുടെ മറപിടിച്ച് ആർ.എസ്.എസ്. പ്രഭൃതികൾ കൂടുതൽ ശക്തിപ്പെടുകയാണെന്ന സത്യം നാം കാണാതെപോവുകയും ചെയ്യുന്നു.

ജമാഅത്തിന്റെ നിലപാട്

ഐ.എസ്.എസിനോട് നീതിപൂർവകമായ ഒരു നിലപാടു സ്വീകരിക്കാൻ ശ്രമിച്ച ജമാഅത്തെ ഇസ്‌ലാമിയെയും വിമർശകർ കടന്നുപിടിക്കുന്നു. സ്വന്തം അണികൾക്കിടയിൽ തീവ്രവാദം വിലക്കിയ ജമാഅത്തെ ഇസ്‌ലാമി ഐ.എസ്.എസിന്റെ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചുള്ള അവരുടെ പരാതികളിലെ പൊടിപ്പും തൊങ്ങലും ഒഴിവാക്കിയാൽ ബാക്കിയാവുന്ന കാര്യം. ജമാഅത്തെ ഇസ്‌ലാമി ഒരു കാലത്തും തീവ്രവാദത്തെ അംഗീകരിച്ചിട്ടില്ലെന്ന് സർട്ടിഫൈ ചെയ്യുന്നത് ആത്മാർഥതയോടെയാണെങ്കിൽ അതു നല്ല കാര്യം തന്നെ. ഐ.എസ്.എസിനോടുള്ള സമീപനത്തിലും ജമാഅത്തെ ഇസ്‌ലാമി അതിന്റെ പ്രഖ്യാപിത നയം കാത്തുസൂക്ഷിച്ചിട്ടുണ്ട്. ഐ.എസ്.എസ്. അടിസ്ഥാനപരമായി ഒരു തീവ്രവാദ സംഘടനയാണെന്ന് ജമാഅത്തെ ഇസ്‌ലാമി കരുതുന്നില്ലെന്നാണ് അതിന്റെ നേതാക്കൾ പറയുന്നത്. ഐ.എസ്.എസിനെക്കുറിച്ചുള്ള പ്രചാരണവും യാഥാർഥ്യവും തമ്മിലുള്ള അന്തരം ജമാഅത്ത് മനസ്സിലാക്കുന്നു. വിമർശകർക്ക് അതു മനസ്സിലാവാത്തത് ജമാഅത്തെ ഇസ്‌ലാമിയുടെ കുറ്റമല്ല. എല്ലാ സംഘടനകളോടും നന്മയിൽ സഹകരിക്കുക എന്നതാണ് ജമാഅത്തിന്റെ നിലപാട്. ഐ.എസ്.എസിന്റെ വിഷയത്തിൽ മാത്രം ജമാഅത്ത് ഈ നിലപാട്

വേണ്ടെന്നുവച്ചിട്ടില്ല. അവരുടെ തെറ്റുകൾ തിരുത്താൻ മറ്റാരേക്കാളും കൂടുതൽ ജമാഅത്ത് ശ്രമിച്ചിട്ടുമുണ്ട്. പാർട്ടിപക്ഷപാതിത്വം കൊണ്ട് അന്ധത ബാധിച്ചവർക്കു പക്ഷേ, ഇതു കാണാൻ കഴിയുന്നില്ലെന്നു മാത്രം.

എന്നാൽ, ജമാഅത്ത് എന്തുകൊണ്ട് ഐ.എസ്.എസിന്റെ പണി എടുക്കുന്നില്ലെന്നു ചോദിക്കുന്നവരുണ്ട്. ജമാഅത്തിന്റെ ലക്ഷ്യം ഐ.എസ്.എസിന്റേതിൽ നിന്നു ഭിന്നമാണെന്നതാണ് അതിനുള്ള ലളിതമായ മറുപടി. ജമാഅത്ത് അതിന്റെ ലക്ഷ്യത്തിലേക്കു സ്വന്തമായ നയപരിപാടികളുമായി മുന്നോട്ടുപോകും. മറ്റു സംഘടനകളുടെ ലക്ഷ്യം ജമാഅത്തിന്റെ ലക്ഷ്യവുമായി ഏറ്റുമുട്ടാത്തിടത്തോളം കാലം അവരുമായി നന്മയിൽ ജമാഅത്ത് സഹകരിക്കുകയും ചെയ്യും. ഐ.എസ്.എസിനോടുള്ള ജമാഅത്തിന്റെ നിലപാടാണ് ശരി എന്നതിനു ലീഗിൽ ഒരു വലിയ ഭാഗത്തിന്റെ സമീപനം തന്നെ തെളിവല്ലേ? ഐ.എസ്.എസിനോടുള്ള സമീപനത്തിന്റെ വിഷയത്തിൽ ലീഗ്നേതൃത്വം പരസ്യമായി രണ്ടു ചേരിയായി തിരിഞ്ഞില്ലേ? ലീഗിന്റെ ഔദ്യോഗിക സമീപനത്തിൽ അണികൾ അസംതൃപ്തരല്ലേ? ജമാഅത്തെ ഇസ്ലാമിയുടെ തെറ്റു തിരുത്താനുള്ള പുറപ്പാട് സ്വന്തം നേതൃത്വത്തെയും അണികളെയും നന്നാക്കിയിട്ടു പോരേ? ജമാഅത്തെ ഇസ്ലാമിക്കെതിരേ പേനയെടുത്ത് തോന്നുന്നതെന്തും എഴുതിവിടുന്നവർ ഇങ്ങനെയൊക്കെ ചിന്തിക്കുന്നത് അവരുടെ സംഘടനയ്ക്ക് ഗുണം ചെയ്യും.

ജമാഅത്തെ ഇസ്ലാമി ഒരു കാലത്തും മുസ്ലിംലീഗിന്റെ രക്ഷാധികാരം അംഗീകരിച്ചിട്ടില്ല. ജമാഅത്തിനെക്കൊണ്ട് അത് അംഗീകരിപ്പിക്കാനുള്ള ശ്രമങ്ങൾ ലീഗുകാർക്കു തുടരാം. പക്ഷേ, കഴിഞ്ഞ നാലു പതിറ്റാണ്ടുകൊണ്ടു സാധിക്കാത്തത്, ജമാഅത്തിന്റെ ആശയങ്ങൾ പ്രചുരപ്രചാരം നേടിയ ഇക്കാലത്തു സാധിക്കുമെന്ന് സ്വപ്നം കാണുന്നതു സഹതാപാർഹമാണ്. സ്വന്തം മസ്തിഷ്കങ്ങളെപ്പോലും ജമാഅത്തിന്റെ ആശയങ്ങളുടെ കടന്നാക്രമണത്തിൽ നിന്നു രക്ഷിക്കാൻ കഴിയാത്തവർക്ക് ലീഗിന്റെ രക്ഷാധികാരം ജമാഅത്തിന്റെ മേൽ അടിച്ചേൽപ്പിക്കാൻ സാധിക്കുമോ?

ഐ.എസ്.എസിനോടുള്ള സമീപനത്തിന്റെ വിഷയത്തിൽ ലീഗ്നേതൃത്വത്തിലുണ്ടായിരിക്കുന്ന അഭിപ്രായവ്യത്യാസം ആ സംഘടനയെ ഒരു ഉരുൾപ്പൊട്ടലിന്റെ വക്കത്ത് കൊണ്ടെത്തിച്ചിരിക്കുന്നു. ഇതിനെ മറച്ചുപിടിക്കാനുള്ളതാണ് ഇപ്പോഴത്തെ ജമാഅത്ത് വിരോധം. ഈ മറയ്ക്ക് പക്ഷേ, ദീർഘായുസ്സില്ല. ജമാഅത്ത് സ്നേഹികൾ വിചാരിച്ചാൽ അതിനെ അനായാസം പൊളിക്കാൻ കഴിയും. ലീഗ്നേതൃത്വം അതിന് അവരെ നിർബന്ധിക്കുകയില്ലെന്ന് നമുക്കു പ്രതീക്ഷിക്കാം. എന്തായാലും ഒരു കാര്യം തീർച്ചയാണ്: സമുദായത്തെക്കൊണ്ടുള്ള ലീഗിന്റെ അമ്മാനമാടൽ അവസാനിക്കാൻ പോവുകയാണ്. അതിനുള്ള തുടക്കം ലീഗിന്റെ അകത്തുനിന്നു തന്നെ ആരംഭിച്ചിട്ടുണ്ട്. അത് പുരോഗമിക്കുന്നതിനു മുമ്പ് ലീഗ് നേതൃത്വം സമുദായത്തിന്റെ വികാരങ്ങൾ പങ്കുവയ്ക്കാൻ ശ്രമിച്ചാൽ ഒരു പിളർപ്പിൽ നിന്നു ലീഗ് തൽക്കാലം രക്ഷപ്പെടും. ലീഗിലെ പിളർപ്പ് ഇനിയും ഈ സമുദായത്തിനു മാത്രമല്ല, പൊതുജനങ്ങൾക്കു പോലും താങ്ങാൻ കഴിയില്ല. വർഷങ്ങൾക്കു മുമ്പ് അങ്ങനെ സംഭവിച്ചപ്പോൾ അതിന്റെ ദുർഗന്ധം സഹിക്കവയ്യാതെ മൂക്കുപൊത്തിപ്പിടിച്ചവരാണല്ലോ അവർ.

തെറ്റുകൾ ഏറെ

ഐ.എസ്.എസ്. ഒരു കുറ്റമറ്റ പ്രസ്ഥാനമാണെന്ന് ആരും പറഞ്ഞിട്ടില്ല. ഐ.എസ്.എസിന് തെറ്റുപറ്റിയിട്ടുണ്ട്. അതിൽ പലതും ഗുരുതരങ്ങളാണു താനും. തെറ്റുകൾ തിരുത്തപ്പെടുകയാണു വേണ്ടത്. ഐ.എസ്.എസിനു മാത്രമല്ലല്ലോ തെറ്റുപറ്റിയിട്ടുള്ളത്. എല്ലാ സംഘടനകൾക്കും സാരമോ നിസ്സാരമോ ആയ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. സമുദായം അവയ്ക്കെല്ലാം കനത്ത വില നൽകുകയും ചെയിട്ടുണ്ട്. പഴയ മുസ്ലിംലീഗിന്റെ പാകിസ്താൻവാദം നിസ്സാരമായ തെറ്റായിരുന്നോ? ഇന്ത്യയിലെ മുസ്ലിംകളെ അനാഥകൾ കണക്കെ നിരാലംബരാക്കിയതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് പാകിസ്താന്റെ ഉപജ്ഞാതാക്കൾക്ക് ഒഴിഞ്ഞുമാറാൻ കഴിയുമോ? തെറ്റിന്റെ പേരിൽ ഐ.എസ്.എസിനെ തൂക്കിലേറ്റാൻ പുറപ്പെടുന്നതിനു മുമ്പ് അൽപ്പം ചരിത്രബോധമുണ്ടാകുന്നത് നല്ലതാണ്.

ലക്ഷ്യം നിർണയിച്ചേടത്തല്ല ഐ.എസ്.എസിന് തെറ്റുപറ്റിയത്. മറിച്ച്, അതു നടപ്പാക്കിയേടത്താണ്. ആദ്യം പ്രസംഗിക്കുക, പ്രായോഗികതയെക്കുറിച്ച് പിന്നീടു ചിന്തിക്കുക– ഇതാണ് ഐ.എസ്.എസ് സ്വീകരിച്ച രീതി. വാചോടോപങ്ങളിൽ ഈ സംഘടനയുടെ നേതാക്കൾ അമിതമായി വിശ്വസിച്ചപോലെ തോന്നുന്നു. ഇത് അണികളിൽ ആവശ്യത്തേക്കാൾ കൂടുതൽ ആവേശവും പ്രതീക്ഷയുമുണ്ടാക്കി. ശത്രുക്കൾ പൂർവോപരി സുസജ്ജരായി. മുഖാമുഖം ഏറ്റുമുട്ടേണ്ടിവന്നപ്പോൾ പ്രതീക്ഷയ്ക്കൊത്ത് ഉയരാൻ ഐ.എസ്.എസിന് സാധിക്കാതെ പോയി. അണികളെ ഇത് നിരാശരും നിർവീര്യരുമാക്കി. തങ്ങളുടെ വാചകക്കസർത്ത് വരുത്തിവച്ച വിനയെക്കുറിച്ച് ചിന്തിക്കാൻ ഐ.എസ്.എസ്. നേതൃത്വം ഇനിയെങ്കിലും സമയം കണ്ടെത്തേണ്ടതുണ്ട്.

അണികൾക്കു മതിയായ ശിക്ഷണം നൽകാൻ കഴിയാത്തതാണ് ഐ.എസ്.എസ്. നേതൃത്വത്തിനു പറ്റിയ രണ്ടാമത്തെ തെറ്റ്. വികാരഭരിതരായി സംഘടനയിലേക്കു പ്രവഹിച്ച ചെറുപ്പക്കാർക്കു പഠന പരിശീലനങ്ങൾ നൽകാൻ ഐ.എസ്.എസിനു സാധിച്ചില്ല. ഇങ്ങനെ സംഘടനയിലേക്കു വന്നവരുടെ കൂട്ടത്തിൽ നാനാതരം പ്രകൃതക്കാരുണ്ടായിരുന്നു. അക്രമികളും ദുർമാർഗികളും വരെ അക്കൂട്ടത്തിലുണ്ട്. അവസരം ലഭിച്ചപ്പോൾ അവർ തങ്ങളുടെ തനിനിറം പുറത്തുകാണിച്ചു. ശത്രുവിന്റെ മാർഗം തന്നെ അവരും പിന്തുടർന്നു. ഇത് ഐ.എസ്.എസിന്റെ ഇമേജിനെ സാരമായി ബാധിച്ചു.

ഐ.എസ്.എസ്. ഒരു മുസ്ലിം സംഘടനയാണ്. അതിന്റെ മാർഗം തീർച്ചയായും ഇസ്ലാമികമായിരിക്കണം. അക്രമവും അവിവേകവും ഒരു മുസ്ലിം സംഘടനയിൽ നിന്നു പ്രതീക്ഷിക്കാൻ വയ്യ. എന്നാൽ ഐ.എസ്.എസിന്റെ ചില പ്രവർത്തകർ പലപ്പോഴും ഈ പ്രതീക്ഷ തെറ്റിച്ചു. വിമർശനം ക്ഷണിച്ചുവരുത്തുന്ന ധാരാളം വീഴ്ചകൾ അവരുടെ ഭാഗത്തുനിന്നുണ്ടായി. ബന്ധുകളോടനുബന്ധിച്ചുണ്ടായ അക്രമങ്ങൾ ഒരു ഉദാഹരണം മാത്രം.

ഐ.എസ്.എസിന്റെ പ്രവർത്തനങ്ങൾ ഇസ്ലാമിന്റെയും മുസ്ലിംകളുടെയും വിശാലമായ താൽപ്പര്യത്തിനു തടസ്സമാവാൻ പാടില്ല. നേതൃത്വത്തിന്റെ അറിവോടെയല്ലെങ്കിലും ഐ.എസ്.എസിന്റെ ബാനറിൽ നടക്കുന്ന ചില പ്രവർത്തനങ്ങൾ ഈ വിധത്തിൽ വഴുതിപ്പോയിട്ടുണ്ട്. ഇസ്ലാമിക പ്രബോധനവും അതിനുപറ്റിയ സാഹചര്യവുമാണ് മേൽപ്പറഞ്ഞ താൽപ്പര്യം കൊണ്ട് ഉദ്ദേശിക്കുന്നത്. മുസ്ലിം സമൂഹത്തിലെ ഒരു സംഘടനയുടെയും പ്രവർത്തനം ഈ താൽപ്പര്യത്തെ ഹാനികരമായി ബാധിക്കാൻ പാടില്ല.

ഈ വീഴ്ചകളൊന്നും സംഭവിക്കാതെ തന്നെ ഐ.എസ്.എസിന്റെ ലക്ഷ്യം നിറവേറ്റാൻ കഴിയും. പ്രശ്നങ്ങളെ വിവേകത്തോടെ സമീപിക്കേണ്ടതുണ്ടെന്നു മാത്രം. പ്രതിരോധം തന്ത്രപൂർവമായിരിക്കണം. ഒരിക്കലും അത് അക്രമാസക്തമാവരുത്. നിരപരാധികളെ ബാധിക്കയുമരുത്. ഈ നിബന്ധന കണിശമായി നടപ്പാക്കാൻ കഴിയാത്ത പ്രതിരോധ സംരംഭങ്ങൾ നിർത്തിവയ്ക്കുന്നതാണു നല്ലത്.

പ്രതിരോധത്തിനുവേണ്ടി ഐ.എസ്.എസ് എന്തു മുന്നൊരുക്കമാണു നടത്തിയിട്ടുള്ളത്? ഒരു മുളവടിയേന്തി ഉച്ചത്തിൽ രണ്ടു മുദ്രാവാക്യം വിളിച്ചാൽ പ്രതിരോധം പൂർണമാകുമോ? ഹിന്ദുവർഗീയവാദികളുടെ വർഷങ്ങൾ നീണ്ടുനിന്ന തീവ്രമായ പരിശീലന പരിപാടികൾക്കൊപ്പമെത്താൻ ഐ.എസ്.എസുകാർ ബഹുദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. പരിശീലനം തുടങ്ങുന്നതിനു മുമ്പേ മുസ്ലിംകളുടെ സംരക്ഷണബാധ്യത പരസ്യമായി സ്വയം ഏറ്റെടുത്തത് ശുഭലക്ഷണമല്ല.

ഐ.എസ്.എസ്. ഇപ്പോൾ ഒരു നിർണായകസന്ധിയിലാണ് എത്തിനിൽക്കുന്നത്. ഒന്നുകിൽ മുന്നോട്ട്; അല്ലെങ്കിൽ, ഇവിടെ അവസാനിപ്പിക്കുക. മൂന്നാമതൊരു മാർഗം ആ സംഘടനയ്ക്ക് മുമ്പിലില്ല. രണ്ടാമത്തെ മാർഗമാണ് ഐ.എസ്.എസ്. തിരഞ്ഞെടുക്കുന്നതെങ്കിൽ മുസ്ലിം സമൂഹത്തോടു ചെയ്യുന്ന ഏറ്റവും വലിയ അനീതിയായിരിക്കും അത്. മുസ്ലിംകളെ പ്രകോപിതരായ ശത്രുക്കളുടെ മുമ്പിലേക്കു വലിച്ചെറിഞ്ഞ് മഅ്ദനിയും കൂട്ടരും പിന്തിരിഞ്ഞോടില്ലെന്ന് നമുക്കു പ്രതീക്ഷിക്കാം. ഒന്നാമത്തെ മാർഗമാണ് ഐ.എസ്.എസിന് അഭികാമ്യം. ശത്രുവിന്റെ മുമ്പിൽ മുറിച്ചുനീക്കപ്പെട്ട കാലുമായി എഴുന്നേറ്റു നിൽക്കുന്ന മഅ്ദനി ഇസ്ലാമികചരിത്രത്തിന്റെ ഭാഗമാ

യിരിക്കും. കൈകാലുകൾ ഛേദിക്കപ്പെട്ട ശേഷവും തങ്ങളുടെ മാർഗത്തിൽ ഉറച്ചു നിന്ന വീരകേസരികളുടെ സ്മരണകൾ അ ദ്ദേഹത്തിന് ആശ്വാസവും ആവേശവും പക രേണ്ടതാണ്.

വീഴ്ചകൾ തിരുത്തിയിട്ടുവേണം ഇനി ഐ.എസ്.എസ്. മുന്നോട്ടുപോകുന്നത്. ഇ ല്ലെങ്കിൽ ആ സംഘടനയുടെ പതനം അനി വാര്യമാണ്. പ്രതിരോധത്തിന്റെ ഇസ്ലാ മികരീതിയെന്താണെന്ന് ഐ.എസ്.എസ്. നേതൃത്വം നന്നായി മനസ്സിലാക്കണം. അ ണികളിലെ കള്ളനാണയങ്ങളെ തിരിച്ച റിഞ്ഞ് തൂത്തെറിയണം. ആത്മാർഥതയില്ലാ ത്തവർക്കു കടന്നുവരാൻ പറ്റാത്തവണ്ണം ഐ.എസ്.എസിന്റെ ഘടന സുശക്തമാക്ക ണം; അണികൾക്ക് എത്രയും പെട്ടെന്ന് ഇ സ്ലാമികശിക്ഷണം നൽകണം. അക്രമിക ൾക്കല്ലാതെ വേറൊരാൾക്കും തങ്ങളെക്കു റിച്ച് പരാതി ഉണ്ടാവുന്നില്ലെന്ന് ഐ.എസ്. എസുകാർ ഉറപ്പുവരുത്തണം. ഹിന്ദു സമൂ ഹത്തിന്റെ ഒരു ചെറിയ ശതമാനം വരുന്ന വർഗീയവാദികൾ മാത്രമായിരിക്കണം ഐ. എസ്.എസിന്റെ പ്രതിയോഗികൾ. ഭൂരിപ ക്ഷം വരുന്ന മറ്റുള്ളവരുടെ പിന്തുണ ഉറപ്പുവരുത്താൻ ഐ.എസ്.എസ്. നേതൃത്വ ത്തിനു കഴിയണം. ഇങ്ങനെ ഒരു പുതിയ മുഖവുമായി, പ്രതിരോധത്തിന്റെ ഇസ്ലാ മികമാനവുമായി, പൂർവോപരി ശക്തിയോ ടെ ഐ.എസ്.എസ്. രംഗത്തു വന്നാൽ തീർ ച്ചയായും അതിനു ഭാവിയുണ്ട്. സംഘടന യുടെ വീഴ്ചകൾ മനസ്സിലാക്കാതെ വാചോ ടോപങ്ങളുമായി മുന്നോട്ടുപോകാൻ തന്നെ യാണ് ഇനിയും ഭാവമെങ്കിൽ, ഐ.എസ്. എസിനെ ഉൾക്കൊള്ളാൻ സമുദായത്തിന്റെ ചവറ്റുകൊട്ടയിൽ വേണ്ടത്ര സ്ഥലമുണ്ടെന്ന കാര്യം മാത്രം അതിന്റെ നേതൃത്വം മനസ്സി ലാക്കുക. സമുദായത്തിന്റെ ഹൃദയകോവി ലിൽ നിന്നു ചവറ്റുകൊട്ടയിലേക്കുള്ള ആ വീഴ്ച നിർഭാഗ്യകരമായിരിക്കും.

(*സോളിഡാരിറ്റി സംസ്ഥാന പ്രസി ഡന്റായ ലേഖകൻ എസ്.ഐ.ഒ. മുഖപത്ര ത്തിലെഴുതിയ ലേഖനം.യുവസരണി* 92 സെപ്തം. 1–15)